# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 468 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി എസ് ടി രജിസ്ട്രേഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അബ്ദുൽ ഹമീദ് പി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി എസ് ടി നടപ്പിലാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വ്യാപാരികളുടെ രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, ഈ-പേയ്മെന്റ് തുടങ്ങിയവ പരിശോധിക്കുന്നതിനായി ഐ.ടി സംവിധാനമായ ബാക്ക് എന്റ് മൊഡ്യൂൾ വികസിപ്പിച്ചുവരുന്നു. ജീവനക്കാർക്ക് ജി.എസ്.ടി നിയമത്തെക്കുറിച്ചും സാങ്കേതികവിദ്യയെക്കുറിച്ചും പരിശീലനം നൽകുകയുണ്ടായി. |
| (ബി) | ജി എസ് ടി രജിസ്ട്രേഷൻ സംബന്ധിച്ച് വ്യാപാരികൾക്കുണ്ടാകുന്ന സംശയങ്ങളും സാങ്കേതിക ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വ്യാപാരികളുടേയും രജിസ്റ്റേർഡ് പ്രാക്ടീഷണർമാരുടേയും സംശയനിവാരണത്തിനായി ജില്ലാടിസ്ഥാനത്തിൽ പരിശീലനം നൽകുകയുണ്ടായി. |
| (സി) | ഓൺലൈൻ പോർട്ടൽ മുഖേന ജി എസ് ടി രജിസ്ട്രേഷൻ നടത്തുമ്പോൾ ഉണ്ടാകാവുന്ന സംശയങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് വ്യാപാരികൾക്ക് വിദഗ്ധരുടെ സഹായം ലഭ്യമാക്കുമോ; | (സി) | വ്യാപാരികൾക്ക് രജിസ്ട്രേഷൻ നടത്തുമ്പോഴുണ്ടാകുന്ന സംശയങ്ങൾ പരിഹരിക്കുന്നതിനായി എല്ലാ ഡെപ്യൂട്ടികമ്മീഷണർമാരുടെ ആഫീസിലും ഹെഡ്ക്വാർട്ടേഴ്സിലും ഫെസിലിറ്റേഷൻ സെന്ററുകളും ഹെൽപ്പ് ഡെസ്ക്കുകളും പ്രവർത്തിച്ചുവരുന്നു. |
| (ഡി) | ജി എസ് ടി രജിസ്ട്രേഷൻ | (ഡി) | വ്യാപാരികൾക്കുള്ള ആശങ്ക അകറ്റുന്ന |

| | | | |
|---|---|---|---|
| | സംബന്ധിച്ച് എന്തെങ്കിലും പരിശീലന സംവിധാനങ്ങളോ പ്രസിദ്ധീകരണങ്ങളോ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; പകർപ്പുകൾ ലഭ്യമാക്കുമോ? | | തിനായി ജില്ലാകേന്ദ്രങ്ങളിലും താലൂക്ക് കേന്ദ്രങ്ങളിലും വച്ച് അതാത് ജില്ലാഡെപ്യൂട്ടികമ്മീഷർമാരുടെ നേതൃത്വത്തിൽ പരിശീലനം നൽകി വരുന്നു. വ്യാപാരികളുടെ പൊതുവായിട്ടുള്ള സംശയങ്ങൾക്കുള്ള മറുപടികൾ ഇംഗ്ലീഷിലും മലയാളത്തിലും വകുപ്പിന്റെ വെബ്സൈറ്റായ 'www.keralataxes.gov.in' എന്നതിൽ പ്രസിദ്ധീകരിച്ച് ബോധവത്ക്കരണം നടത്തിയിട്ടുണ്ട്. ജി.എസ്.ടിയുടെ വിശദാംശങ്ങളടങ്ങിയ ഹാൻഡ് ബുക്ക് എല്ലാ എ.എൽ.എ മാർക്കും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**